വിക്ക് എന്ന പേരിലുള്ള സച്ചിദാനന്ദന്റെ കവിത രണ്ടാം വർഷം ഇംഗ്ലീഷ് പാഠപുസ്തകത്തിൽ വിവർത്തനം ചെയ്തു കൊടുത്തിരിക്കുന്നു. പ്ലസ് ടു നിലവാരത്തിലുള്ള കുട്ടികളോട് വളരെ ധ്വന്യാത്മകമായ ഈ കവിത സംവദിക്കുമോ എന്നു കണ്ടു തന്നെ അറിയണം. എങ്കിലും അതിനെക്കുറിച്ചു ചെറിയൊരു കുറിപ്പ് നന്നായിരിക്കുമെന്നു തോന്നുന്നു. അതിന്റെ മുഖവുരയായി കൊടുത്തിരിക്കുന്ന ലിങ്കന്റെ വചനം ആ കവിതയിലേക്കുള്ള വാതിൽ തന്നെയാണ്. റോസാപുഷ്പച്ചെടികൾക്കു മുള്ളുകളെന്നു നമുക്ക് പരാതി പറയാം. എന്നാൽ മുൾച്ചെടിയിലും പൂവ് എന്നു നമുക്ക് ആഹ്ലാദിക്കുകയും ചെയ്യാം. ഈ കാഴ്ചപ്പാടിൽ കവിതയെ നോക്കിക്കാണാനുള്ള നിർദ്ദേശമുണ്ട്. അതെ, ഈ വീക്ഷണം വളരെ പ്രധാനമാണ്. ഇനി കവിതയിലേക്ക്.

വിക്ക് ഒരു വൈകല്യമല്ലെന്നും അതൊരു സംസാരരീതിയാണെന്നും പറഞ്ഞാണ് കവിത ആരംഭിക്കുന്നത്. വിക്കിനെക്കുറിച്ച് നമ്മുടെ പൊതുബോധം അതൊരു വൈകല്യമാണെന്നാണല്ലോ. ആ ബോധത്തെ ആദ്യമേതന്നെ കവി അട്ടിമറിക്കുകയാണ് അതൊരു മോഡ് ഓഫ് സ്പീച്ച് ആണെന്നു പറയുന്നതിലൂടെ. വാക്കിനും അർഥത്തിനുമിടയിൽ വരുന്ന ചില മൗനങ്ങളാണു

വിക്കെന്ന നിർവചനവും കവി നൽകുന്നു. ചലനത്തിന്റെ സമതുലിത നഷ്ടപ്പെടലാണല്ലോ മുടന്ത്. വാക്കും പ്രവൃത്തിയും രണ്ടായി മാറി മുടന്തുന്ന വർത്തമാന സമൂഹത്തെക്കുറിച്ചുള്ള വിമർശനവും ഇവിടെ കടന്നു വരുന്നില്ലേ? നടത്തം ചലനമാണ്. സാമൂഹികമുന്നേറ്റമാണ്. നമ്മുടേതായാലും സമൂഹത്തെ നയിക്കുന്നവരുടേതായലും വാക്കൊന്നും പ്രവൃത്തി വേറൊന്നുമാകുമ്പോൾ സമൂഹം മുടന്തുന്നു.

വിക്ക് കേവലം ഒരു വാക്കെങ്കിലും മലയാളിയെ സംബന്ധിച്ച് പ്രസിദ്ധനായ ഒരു വ്യക്തിയെക്കുറിച്ചോർമ്മിപ്പിക്കും. സാക്ഷാൽ ഇ എം എസ്. ഈ വിക്കൻ കേരളത്തെ രൂപപ്പെടുത്തിയവരിൽ പ്രധാനിയുമത്രെ. ഇവിടെ വിക്ക് ഇ എം എസിനെക്കുറിച്ചാണ് എന്നല്ല പറഞ്ഞത്, അങ്ങിനെയൊരു അർഥത്തിന്റെ അടരിനെ ഉൽപാദിപ്പിക്കാൻ നമ്മുടെ സാമൂഹികസാഹചര്യത്തിൽ ആ വാക്കിന് കഴിയുന്നു എന്നത് തർക്കമില്ലാത്ത സംഗതിയാണല്ലോ. വാക്കും പ്രവൃത്തിയും രണ്ടാകാത്ത ഒരു കാലത്തെക്കുറിച്ചുള്ള ഓർമ്മ എന്നൊരർഥം കൂടി അതിനുണ്ട്. വാക്കും പ്രവർത്തിയും ഒന്നായ കാലം സമത്വസുന്ദരമായ കാലമാണല്ലോ. മാവേലിയുടെ കാലം പോലെ. സമത്വത്തിന്റെ വക്താവായ ഇ എം എസിനെ മഹാബലിയായും ആ ഗവണ്മെന്റിനെ പിരിച്ചു വിട്ട

നെഹ്രുവിനെ വാമനനായും സങ്കൽപ്പിച്ചു കൊണ്ട് വൈലോപ്പിള്ളി ഒരു കവിത എഴുതിയിട്ടുണ്ട്. വിക്ക് ഭാഷയ്ക്കു മുമ്പോ അതോ പിമ്പോ ഉണ്ടായത്, അതൊരു ഡയലക്ടാണോ എന്നൊക്കെയുള്ള ചോദ്യത്തിനു മുന്നിൽ ഭാഷാശാസ്ത്രജ്ഞർ പോലും കുഴങ്ങുന്നു എന്നു പറയുമ്പോൾ ഭാഷയുടെ ഈ അജ്ഞേയത, അനിർവചനീയത വ്യക്തമാക്കപ്പെടുന്നു.

എന്താണു ഭാഷയുടെ സ്വഭാവം? ആശയവിനിമയത്തിനുള്ളതാണു ഭാഷ. എന്നാൽ പലപ്പോഴും അംബിഗ്യുറ്റി അഥവാ സന്നിഗ്ധത ഭാഷയുടെ കൂടപ്പിറപ്പാണ്. അല്ലെങ്കിൽ ഭാഷയുടെ സ്വഭാവം തന്നെയാണത്. പക്ഷികൾക്കും മൃഗങ്ങൾക്കും ഭാഷയുണ്ട്. എന്നാൽ കൃത്യമായി നിർണ്ണയിക്കപ്പെട്ടതാണ്. എന്നാൽ മനുഷ്യഭാഷ സങ്കീർണ്ണവും വ്യത്യസ്തവും സന്നിഗ്ധാർഥങ്ങൾ നിറഞ്ഞതുമാണ്. ഭാഷയുടെ ഈ അംബിഗ്യുറ്റി തന്നെയാണ് അതിന്റെ സൗന്ദര്യവും. അതു തന്നെയാണ് വിക്ക്. വിക്ക് ഒരു രൂപകമാവുന്നു ഇവിടെ. എപ്പോഴാണ് നാം വിക്കുന്നത്? പറയുന്നതിന് ഭാഷ പര്യാപ്തമാവുമോ എന്ന സംശയമുണ്ടാവുമ്പോൾ, അല്ലെങ്കിൽ നാം പറയുന്നത് ശരിയായി മനസ്സിലാക്കുമോ എന്നു വേവലാതിപ്പെടുമ്പോൾ. ഇന്നു

ഭാഷയിതപൂർണ്ണമിങ്ങഹോ
വന്നുപോം പിഴയുമർഥശങ്കയാൽ എന്നു

കുമാരനാശാൻ നളിനിയിൽ ഈ അവസ്ഥയെ വ്യക്തമാക്കുന്നു. ഈ വിക്ക് അഥവാ തടസ്സം ആംഗ്യഭാഷയ്ക്കില്ല. നാം ബസ്സിനു കൈനീട്ടുന്നതും മണിയടിക്കുന്നതുമെല്ലാം ഭാഷയാണല്ലോ. നിർണ്ണയിച്ചുറപ്പിച്ച കൃത്യമായ ഒരർഥത്തിനപ്പുറം അതിനു സാധ്യതകളില്ല. എന്നാൽ നമ്മുടെ ഭാഷയുടെ ഈ അവ്യവസ്ഥിതത്വത്തെ ഭാഷയുടെ പരിമിതിയായിട്ടാണ് നാം പലപ്പോഴും കാണാറുള്ളത്. വിക്കിനെ ആശയപ്രകാശനത്തിനുള്ള തടസ്സമായി കാണാം അതിനേക്കാൾ ആശയവിനിമയത്തിനുള്ള യത്നമായും കാണാം. ഇത് ഭാഷയുടെ പരിമിതിയല്ല സാധ്യതയാണ് എന്ന തിരിച്ചറിവാണത്. നോക്കൂ ഈ കവിത തന്നെ എന്തെല്ലാം അർഥങ്ങളിലേക്കു നമ്മെ കൊണ്ടു പോകുന്നു. വാക്കുകൾ ഭാഷയിലെ പ്രാഥമികമായ അർഥതലം വിട്ട് പല അർഥങ്ങളായി പടരുന്നതു നോക്കുക. അർഥത്തിനു തന്നെ പല അടരുകൾ സൃഷ്ടിക്കപ്പെടുന്നതു നോക്കുക. ഇതു മനുഷ്യഭാഷയ്ക്കു മാത്രമുള്ള സാധ്യതയാകുന്നു. അപ്പോൾ ഭാഷയുടെ ഈ സംശയസ്വഭാവത്തെ അതിന്റെ മഹത്വമായി വേണം കാണാൻ. ഇതുതന്നെയാണു ഭാഷയ്ക്കു സൗന്ദര്യം നൽകുന്നതും.

ഓരോ വിക്കും ദൈവത്തിനർപ്പിക്കുന്ന പ്രർഥനയാണെന്ന് കവി പറയുന്നു. ഈ വാക്കുകൾ നാം വീണ്ടും വീണ്ടും മനസ്സിൽ

ചേറിക്കൊണ്ടിരിക്കുന്നു. അർഥത്തിന്റെ അടരുകൾ വേർതിരിച്ചെടുക്കാൻ. എല്ലാത്തിനും ദൈവത്തെ സങ്കൽപ്പിക്കുന്നവരാണല്ലോ നാം. വാക്കിന് ദേവതയുണ്ട്. ഇവിടെ അർഥത്തിനും ദൈവത്തെ കൽപിച്ചിരിക്കുന്നു. ഏറ്റവും വിലപ്പെട്ടത് ദൈവത്തിന് ബലിയർപ്പിക്കുക എന്നത് എല്ലാ സമൂഹത്തിലെയും ആചാരം. ഒരു വിക്ക് അല്ലെങ്കിൽ ഒരു വാക്ക് ഒരു അർഥം അഥവാ അർഥത്തിന്റെ പല അടരുകൾ സൃഷ്ടിക്കുമ്പോൾ അത് ദൈവത്തിനുള്ള സമർപ്പണമായിത്തീരുന്നു. അർഥത്തിന്റെ അനന്തസാധ്യതകൾ നിറഞ്ഞ ഒരു രൂപകം ഷേക്സ്പിയർ അല്ലെങ്കിൽ ഓതൊരു കവിയും സൃഷ്ടിക്കുമ്പോൾ അത് വാഗ്ദേവതയ്ക്കുള്ള വിശിഷ്ടമായ സമർപ്പണമായി, ബലിയായി മാറുന്നു. ഭാഷയ്ക്കു തന്നെ വ്യക്തിപരമായ ഒരു തലവും സാമൂഹികവുമായ തലവുമുണ്ടല്ലോ. ഈ വിക്കിനെ സാമൂഹികമായ ഒന്നായി മാതൃഭാഷയുടെ തലത്തിലേക്കു തന്നെ കവി ഉയർത്തുന്നുമുണ്ട്.

സ്രഷ്ടാവിന്റെ സ്വഭാവം സൃഷ്ടിയിൽ പ്രതിഫലിക്കുക സ്വാഭാവികം. അതു കൊണ്ടു തന്നെ ദൈവത്തിന്റെ വിക്കാണ് മനുഷ്യനിലേക്കു പകർന്നത്. സൃഷ്ടിയുടെ നിമിഷത്തിൽ ദൈവത്തിനുണ്ടായ വിക്ക്. മറ്റൊരർഥത്തിൽ ദൈവം തന്നെ പലർക്ക് പലതാണ്. കൃത്യമായ നിർവചനത്തിൽ കൃത്യമായ രൂപത്തിൽ

ഒതുങ്ങുന്നതല്ലല്ലോ അതും. ദൈവത്തിന്റെ വിക്കാണ് മനുഷ്യഭാഷയെ, അവന്റെ പ്രാർഥനകളെയും കൽപനകളെയും ദുരൂഹ(പല അർഥങ്ങളുള്ള)മാക്കിയത്. നോക്കൂ ഭാഷ ദുരൂഹമാണ് എന്നു നമുക്ക് പരിതപിക്കാം. പക്ഷേ ഈ ദുരൂഹതയില്ലെങ്കിൽ കവിതയില്ല, സാഹിത്യമില്ല. ഭാഷയുടെ ഈ അംബിഗ്യുറ്റിയുടെ ഏറ്റവും ഉയർന്ന രൂപമത്രെ കവിത. ഈ കവിത പോലും ആസ്വാദ്യമായിത്തീരുന്നത് ഇതിലെ സന്നിഗ്ധത കൊണ്ടാണ്. ആ സന്നിഗ്ധതയാണ് കവിതയ്ക്ക് അർഥത്തിന്റെ പലപല അടരുകൾ നൽകുന്നത്. ഇതില്ലെങ്കിൽ കവിത എത്ര ബോറാകുമായിരുന്നു. ഭാഷ എത്ര വിരസമാകുമായിരുന്നു! ഈ കവിത തന്നെ നിലനിൽക്കുന്നത് അത്ര അർഥത്തിന്റെ അടരുകൾ സൃഷ്ടിച്ചു കൊണ്ടാണെന്ന് ആലോചിച്ചു നോക്കൂ. ഭാഷയുടെ ഈ സാധ്യതയിൽ ഊന്നിക്കൊണ്ടാണല്ലോ കവിത അവസാനിക്കുന്നതും. (ഉമ്മർ ടി. കെ.എച്ച് എച്ച് എസ് ടി മലയാളം, ജി എച്ച് എച്ച് എസ്. അരോളി. കണ്ണൂർ.ഫോൺ. 9447482793)